പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 7293

16.07.2012-ൽ മറുപടിയ്ക്ക്

പെരുംതുരുത്തി -നാലുകോടി - നടയിൽ -കുന്നംപുറം - തെങ്ങണ - മണർകാട് - പട്ടിത്താനം ബൈപ്പാസ് വികസനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്തുവകുപ്പ് മന്ത്രി) |
| (എ) പെരുംതുരുത്തി -നാലുകോടി - നടയിൽ -കുന്നംപുറം - തെങ്ങണ - മണർകാട് - പട്ടിത്താനം ബൈപ്പാസ് വികസിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) പെരുംതുരുത്തി മുതൽ തെങ്ങണ വരെ ബി.എം. & ബി.സി. ചെയ്യുന്നതിനും കുന്നംപുറം ജംഗ്ഷന്റെ വികസനത്തിനുമുള്ള വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്. പായിപ്ര പടി മുതൽ പട്ടിത്താനം വരെയുള്ള ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്ക് നടപടിക്രമങ്ങൾ അനുസരിച്ച് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതിലേയ്ക്ക് സ്ഥലമെടുപ്പിന് വേണ്ടി 38 കോടി രൂപയും റോഡ് പണികൾക്കായി 34 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഡി.എൽ.പി.സി. നടപടികൾ മണർകാട് വില്ലേജിൽ പൂർത്തീകരിച്ച് എസ്.എൽ.ഇ.സി. അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. പേരൂർ, ഏറ്റുമാനൂർ വില്ലേജുകളിൽ ഡി.എൽ.പി.സി. നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. ഇതിലേയ്ക്ക് വേണ്ടുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ നിന്നും കിട്ടുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ